**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ദിവസവേതനത്തിൽ ജോലി ചെയ്യുന്ന ശ്രീമതി. അനിത കുമാരി.കെ യെ ടി ഓഫീസിൽ നിലവിലുള്ള പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (കൈ) നം. 134/ 2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 25/ 10/ 2019**

---

പരാമർശം : 1. ബഹു. കേരള ഹൈക്കോടതിയുടെ 17.03.2009 ലെ WP(c) No. 26149/ 2008 നം. വിധിന്യായം.

2. 25.11.2005 ലെ GO(p) No. 501/ 2005/Fin ഉത്തരവ്

3. പഞ്ചായത്ത് ഡയറക്ടറുടെ 07.12.2015, 03.09.2018, 02.2019 തീയതികളിലെ ഇ 9-39169/ 2015 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ദിവസവേതനത്തിൽ ജോലി ചെയ്തുവരുന്ന ശ്രീമതി.അനിത കുമാരി.കെ ടിയാളെ സ്ഥിരപ്പെടുത്തുന്നതിനായി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 26149/ 2008 നമ്പർ ഹർജിയിലെ പരാമർശം (1) ലെ വിധിന്യായത്തിൽ ടി ഹർജി അനുവദിക്കുകയും പരാമർശം (2) ലെ ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നതിന് ഹർജിക്കാരിക്ക് അർഹത ഉണ്ടെന്നും ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് ടിയാരിയുടെ നിയമന ക്രമവൽക്കരണം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളാനും ഉത്തരവായിരുന്നു. ടി വിധിന്യായത്തിനെതിരെ സർക്കാർ WA 2044/ 2009 ഫയൽ ചെയ്തുവെങ്കിലും 16.11.2009 ലെ വിധിന്യായം പ്രകാരം ടി അപ്പീൽ ബഹു. ഹൈക്കോടതി തള്ളുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. അനിത കുമാരി.കെ യെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ശ്രീമതി.അനിതകുമാരി ടിയാരിയെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) 1472/ 2018 നം. ഹർജി ഫയൽ ചെയ്തിരുന്നു. ടി കേസ്സിൽ ശ്രീമതി. അനിതകുമാരിയെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുവെന്ന വിവരം സർക്കാർ ബഹു. ട്രൈബ്യൂണലിനെ അറിയിച്ചിരുന്നു.

2. ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് സ്വീപ്പിംഗ് ഏര്യ 475.10 ച.മീ. ആണ്. ഓഫീസ് സ്വീപ്പിംങിന് പുറമേ പൊതുചന്തയുടെ കെട്ടിടവും ചന്തപരിസരവുമടക്കം ശുചീകരണത്തിന് ഒരു ജീവനക്കാരനെ നിയമിച്ചിട്ടുണ്ട്. ഏറത്ത് ഗ്രാമപഞ്ചായത്തിൽ 1985 മുതൽ 2 പാർട്ട് ടൈം സ്വീപ്പർമാർ ജോലി ചെയ്തിരുന്നതായി രേഖകൾ പരിശോധിച്ച്

ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 09.08.2001 ലെ 4(4) നമ്പർ തീരുമാന പ്രകാരം ശ്രീമതി. അനിതകുമാരിയെ 60/- രൂപ ദിവസവേതനത്തിൽ ഓഫീസ് സ്വീപ്പറായി നയമിക്കുകയും ടിയാരി നാളിതുവരെ അതേ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരികയും ചെയ്യുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ച ശ്രീ. സുദർശനൻ ചെട്ടിയാർ 04.01.2010 മുതൽ മാർക്കറ്റ് സ്വീപ്പറായി ജോലി ചെയ്തുവരുന്നുവെന്നും പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

3. പരാമർശം (2) ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് മാർക്കറ്റ് ശുചീകരണത്തിന് പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കാൻ അനുവദിച്ചിട്ടില്ല മാത്രമല്ല ഓഫീസ് സ്വീപ്പിംഗ് ഏര്യ 475.10 ച.മീ ഉള്ള ഏറത്ത് ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തിക മാത്രമേ അനുവദിക്കാനാകൂ. എന്നാൽ 1996 മുതൽ തന്നെ രണ്ടു പാർട്ട്ടൈം ജീവനക്കാർ ജോലി ചെയ്യുന്നതായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിലും, ശ്രീമതി. അനിതകുമാരിയെ ഓഫീസ് സ്വീപ്പറായി സ്ഥിരപ്പെടുന്നതിന് പുതിയതായി ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കേണ്ടതില്ല എന്നത് കണക്കിലെടുത്തും, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും, ശ്രീമതി. അനിതകുമാരി കെ യെ ഏറത്ത് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ സർക്കാർ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പരാമർശം (1) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**
**അഡീഷണൽ സെക്രട്ടറി**

ശ്രീമതി.അനിത കുമാരി.കെ, പാർട്ട്ടൈം സ്വീപ്പർ, ഏറത്ത് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല (സെക്രട്ടറി, ഏറത്ത് ഗ്രാമപഞ്ചായത്ത് മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ജില്ല.
സെക്രട്ടറി, ഏറത്ത് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(നം. 599299/EXP-C2/74/2017 തീയതി 19.10.2019 പ്രകാരം).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/82/2017-LSGD, LSGD-EPA2/175/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ